In association with British Red Cross

Doctors of the World

# കൊറോണാവൈറസ് (കോവിഡ്-19) വാക്സിനേഷൻ

## ഇംഗ്ലണ്ട്, സ്കോട്ട്ലൻ്റ്, വെയിൽസ്

(കോവിഡ്-19) വാക്സിനുകൾ സുരക്ഷിതവും ഫലപ്രദവുമാണ്. അത് കൊറോണാവൈറസിനെതിരെ നിങ്ങൾക്ക് ഏറ്റവും മികച്ച സംരക്ഷണം നല്കുന്നു.

പതിപ്പ് 1 (03.03.2021ന് അപ്ഡേറ്റ് ചെയ്തത്)

**മലയാളം | Malayalam**

## ഉള്ളടക്കം

ആർക്കാണ് കോവിഡ്-19 വാക്സിൻ ലഭിക്കുന്നത്? ..... 2
കോവിഡ്-19 വാക്സിൻ എങ്ങനെയാണ് നല്കുന്നത് ..... 4
എങ്ങനെയാണ് കോവിഡ്-19 വാക്സിൻ എടുക്കേണ്ടത് ..... 5
കോവിഡ്-19 വാക്സിനുകൾ എത്രമാത്രം സുരക്ഷിതാണ്? ..... 9
കോവിഡ്-19 വാക്സിൻ എത്രത്തോളം ഫലപ്രദാമാണ്? ..... 10
കോവിഡ്-19 വാക്സിൻ പാർശ്വഫലങ്ങൾ ..... 10
കോവിഡ്-19 വാക്സിൻ ചേരുവകൾ ..... 11
കൂടുതൽ വിവരങ്ങൾ ..... 12

## ആർക്കാണ് കോവിഡ്-19 വാക്സിൻ ലഭിക്കുന്നത്?

എൻ.എച്ച്.എസ്. ഓഫർ ചെയ്യുന്ന കോവിഡ്-19 വാക്സിൻ ഇംഗ്ലണ്ടിലെയും, സ്കോട്ട്ലന്റിലെയും, വെയിൽസിലെയും എല്ലാ മുതിർന്നവർക്കും, അവരുടെ കുടിയേറ്റ പദവി കണക്കിലെടുക്കാതെ സൗജന്യമായി ലഭ്യമാകുന്നതാണ്. ഇതിൽ നോ റിക്കോഴ്സ് ടു പബ്ലിക് ഫണ്ട്സ് (എൻ.ആർ.പി.എഫ്.) ആയ ആളുകളും ഉൾപ്പെടുന്നു. എൻ.എച്ച്.എസ്. നിലവിൽ കോവിഡ്-19 വാക്സിൻ ഓഫർ ചെയ്യുന്നത് കൊറോണാവൈറസിൽ നിന്നുള്ള അപകടസാദ്ധ്യത ഏറ്റവും കൂടുതലുള്ള ആളുകൾക്കാണ്.

വാക്സിനുകൾ ഓഫർ ചെയ്യപ്പെടുന്നത് ചില ഫാർമസികളിലും, ജി.പി.മാർ നടത്തുന്ന ലോക്കൽ വാക്സിനേഷൻ സെന്ററുകളിലും, വലിയ വാക്സിനേഷൻ സെന്ററുകളിലുമാണ്.

എൻ.എച്ച്.എസ്. ആളുകളെ വാക്സിനേറ്റ് ചെയ്യുന്നത്, നിലവിലുള്ള മെഡിക്കൽ അവസ്ഥകളെയും, പ്രായമായവരിൽ നിന്ന് തുടങ്ങി ചെറുപ്പക്കാർ വരെയുള്ള പ്രായ ഗ്രൂപ്പുകളെയും പ്രധാനമായി അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ക്ലിനിക്കൽ അപകടസാദ്ധ്യതയുടെ ക്രമത്തിലാണ്. കോവിഡ്-19ൽ നിന്നുള്ള ഗുരുതരമായ സങ്കീർണ്ണതകളുടെ കാര്യത്തിൽ ചില ആളുകൾ മറ്റുള്ളവരേക്കാൾ കൂടുതലായ അപകടസാദ്ധ്യതയിലാണുള്ളത്.

അത് നല്കപ്പെടുന്നത് ഇവർക്കാണ്:

- 55 വയസ്സും അതിനു മുകളിലും പ്രായമുള്ളവർ
- കൊറോണാവൈറസിൽ നിന്നുള്ള ഉയർന്ന അപകടസാദ്ധ്യതയിലുള്ള ആളുകൾ (ദീർഘകാല ആരോഗ്യ അവസ്ഥകളിലുള്ളവർ)
- നിലവിലുള്ള മെഡിക്കൽ പ്രശ്നങ്ങൾ (സി.ഒ.പി.ഡി., ആസ്ത്മ, ഹൃദയ പ്രശ്നങ്ങൾ, വൃക്ക രോഗം, കരൾ രോഗം, പ്രമേഹം, കൂടാതെ മറ്റ്

ദീർഘകാല ആരോഗ്യ പ്രശ്നങ്ങളും പോലെയുള്ളത്) മൂലം കൊറോണാവൈറസിൽ നിന്നുള്ള സങ്കീർണ്ണതകളുടെ ഉയർന്ന അപകടസാദ്ധ്യതയിലുള്ള ആളുകൾ

- കെയർ ഹോമുകളിൽ താമസിക്കുകയും ജോലി ചെയ്യുകയോ ചെയ്യുന്ന ആളുകൾ
- ആരോഗ്യ സാമൂഹ്യ പരിചരണ ജീവനക്കാർ
- പഠന വൈകല്യങ്ങളുള്ള ആളുകൾ
- കെയറേഴ്സ് അലവൻസിന് അർഹതയുള്ള ആളുകൾ

എല്ലാ മുതിർന്നവർക്കും ജൂലൈ അവസാനത്തോടെ അവരുടെ വാക്സിന്റെ ആദ്യ ഡോസ് നല്കുന്നതിനാണ യു.കെ. സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

ഇംഗ്ലണ്ട്: പ്രായം കൂടുതലുള്ള മുതിർന്നവർക്കുള്ള കോവിഡ്-19 വാക്സിനേഷനെ കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ വായിക്കുക

സ്കോട്ട്ലന്റ്: മുതിർന്നവർക്കുള്ള കോവിഡ്-19 വാക്സിനേഷനെ കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ വായിക്കുക

വെയിൽസ്: കോവിഡ്-19 വാക്സിനേഷനെ കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ വായിക്കുക

## നിങ്ങൾ ഇതേവരെയും അർഹത നേടിയിട്ടില്ലെങ്കിൽ

ബന്ധപ്പെടുന്നതിനായി കാത്തിരിക്കുക. വാക്സിൻ ലഭിക്കുന്നതിനുള്ള നിങ്ങളുടെ ഊഴം എപ്പോൾ എത്തുമെന്ന് എൻ.എച്.എസ്. നിങ്ങളെ അറിയിക്കുന്നതാണ്.

ഇംഗ്ലണ്ട്: കോവിഡ്-19 വാക്സിൻ അർഹതയെയും വാക്സിൻ സപ്ലൈകളെയും കുറിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ വായിക്കുക

## വാക്സിൽ എല്ലാവർക്കും അനുയോജ്യമാണോ?

നിങ്ങൾ ഗർഭിണിയാണെങ്കിൽ കോവിഡ്-19 വാക്സിൻ നിങ്ങൾക്ക് സുരക്ഷിതമല്ല എന്നുള്ളതിന് തെളിവൊന്നുമില്ല. എന്നാൽ പതിവ് രീതിയിൽ നിങ്ങൾക്കത് ഓഫർ ചെയ്യപ്പെടാനാവുന്നതിനു മുമ്പ് കൂടുതൽ തെളിവ് ആവശ്യമാണ്.

ജോയിന്റ് കമ്മിറ്റി ഓൺ വാക്സിനേഷൻ ആന്റ് ഇമ്മ്യൂണൈസേഷൻ നിങ്ങൾ ഗർഭിണിയായിരിക്കുകയും, അതോടൊപ്പം:

- നിങ്ങൾ ജോലി ചെയ്യുന്ന സ്ഥലത്തിന്റെ കാരണത്താൽ കൊറോണാവൈറസ് ബാധിക്കുന്നതിനുള്ള ഉയർന്ന അപകടസാദ്ധ്യതയിലാണ്
- കൊറോണാവൈറസിന്റെ ഗുരുതരമായ സങ്കീർണ്ണതകളുടെ ഉയർന്ന അപകടസാദ്ധ്യതയിലാണെന്ന് എന്ന് അർത്ഥമാക്കുന്ന ഒരു ആരോഗ്യ അവസ്ഥയിലാണ് എങ്കിൽ വാക്സിൻ എടുക്കുന്നത് നിങ്ങൾ പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നതിനായി അതിന്റെ ഉപദേശം അപ്ഡേറ്റ് ചെയ്തിട്ടുണ്ട്.

വാക്സിനേഷനു ശേഷം നിങ്ങൾ ഗർഭം ഒഴിവാക്കേണ്ട ആവശ്യമില്ല. വാക്സിനുകളിൽ ജീവനുള്ള വൈറസുകളൊന്നും അടങ്ങിയിട്ടില്ല. അതിന് നിങ്ങൾക്കോ നിങ്ങളുടെ കുഞ്ഞിനോ കോവിഡ്-19 നല്കാനാവില്ല. കോവിഡ്-19 വാക്സിൻ, പ്രത്യുല്പാദനത്തെ ബാധിക്കുമെന്നുള്ളതിന് തെളിവില്ല.

നിങ്ങൾ മുലയൂട്ടുകയാണെങ്കിൽ നിങ്ങൾക്ക് കോവിഡ്-19 വാക്സിൻ എടുക്കാവുന്നതാണ്. നിങ്ങൾ വാക്സിനേഷൻ എടുക്കുന്നതിനു മുമ്പ് ഒരു ഹെൽത്ത്കെയർ പ്രൊഫഷണലുമായി സംസാരിക്കുക. ഇത് നിങ്ങൾക്കുള്ള പ്രയോജനങ്ങളും അപകടസാദ്ധ്യതകളും ചർച്ച ചെയ്യുന്നതാണ്.

ഇംഗ്ലണ്ട്: നിങ്ങൾ ഗർഭിണിയാണെങ്കിൽ, ഗർഭിണി ആയേക്കാമെങ്കിൽ അല്ലെങ്കിൽ മുലയൂട്ടുകയാണെങ്കിൽ ഏറ്റവും പുതിയ കോവിഡ്-19 വാക്സിൻ ഉപദേശം വായിക്കുക

സ്കോട്ട്ലന്റ്: നിങ്ങൾ ഗർഭിണിയാണെങ്കിൽ, ഗർഭിണി ആയേക്കാമെങ്കിൽ അല്ലെങ്കിൽ മുലയൂട്ടുകയാണെങ്കിൽ ഏറ്റവും പുതിയ കോവിഡ്-19 വാക്സിൻ ഉപദേശം വായിക്കുക

വെയിൽസ്: നിങ്ങൾ ഗർഭിണിയാണെങ്കിൽ, ഗർഭിണി ആയേക്കാമെങ്കിൽ അല്ലെങ്കിൽ മുലയൂട്ടുകയാണെങ്കിൽ ഏറ്റവും പുതിയ കോവിഡ്-19 വാക്സിൻ ഉപദേശം വായിക്കുക

ഇതേ വാക്സിന്റെ ഒരു മുൻ ഡോസിനോട് അല്ലെങ്കിൽ വാക്സിനിലെ ഏതെങ്കിലും ചേരുവകയോട് നിങ്ങൾക്ക് എപ്പോഴെങ്കിലും ഗുരുതരമായ ഒരു അലർജിക് പ്രതിപ്രവർത്തനം (അനാഫിലാക്സിസ് ഉൾപ്പെടെയുള്ളത്) ഉണ്ടായിട്ടുണ്ടെങ്കിൽ നിങ്ങൾ കോവിഡ്-19 വാക്സിൻ എടുക്കാൻ പാടില്ല.

ഇമ്മ്യൂണോസപ്രഷനും എച്.ഐ.വി. അണുബാധയും ഉള്ള ആളുകൾക്ക് (സി.ഡി.4 കൗണ്ട് എത്രയാണെങ്കിലും) വാക്സിൻ നല്കാൻ പാടില്ല.

ബ്ലഡ് ക്ലോട്ടിംഗ് അല്ലെങ്കിൽ രക്തസ്രാവ ക്രമക്കേടുകളുള്ള ആളുകൾക്ക് വാക്സിൻ സ്വീകരിക്കാവുന്നതാണ്, എന്നാൽ ചികിത്സാ വേളയിൽ ശരിയായ സമയത്താണ് അത് നല്കുന്നതെന്ന് ഉറപ്പാക്കുന്നതിനായി അവരുടെ പരിചരണ ദാതാവിനെ കൺൾട്ട് ചെയ്യേണ്ടത് ആവശ്യമാണ്.

## കോവിഡ്-19 വാക്സിൻ എങ്ങനെയാണ് നല്കുന്നത്

കോവിഡ്-19 വാക്സിനുകളെല്ലാം നിങ്ങളുടെ മേൽക്കൈയിൽ ഒരു കുത്തിവയ്പായാണ് നല്കുന്നത്. അവ രണ്ടു ഡോസുകളായാണ് നല്കുന്നത്. ആദ്യ ഡോസ് എടുത്ത ശേഷം മൂന്ന് മുതൽ 12 ആഴ്ച്ചകൾക്കു ശേഷം നിങ്ങൾക്ക് രണ്ടാമത്തെ ഡോസ് ലഭിക്കുന്നതാണ്.

നിങ്ങളുടെ ആദ്യ വാക്സിൻ ലഭിച്ചതിനു ശേഷം വാക്സിൻ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു ചെറിയ കാർഡ് നിങ്ങൾക്ക് ലഭിക്കുന്നതാണ്. നിങ്ങൾ ഈ കാർഡ് ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ രണ്ടാമത്തെ വാക്സിൻ ഡോസ് വ്യത്യസ്തമായ ഒരു കേന്ദ്രത്തിലാണ് എടുക്കേണ്ടതെങ്കിൽ, -നിങ്ങൾക്ക് ശരിയായ തരം വാക്സിനാണ് ലഭിക്കുന്നതെന്ന് ഈ കാർഡ് ഉറപ്പ് വരുത്തുന്നതാണ്.

## എങ്ങനെയാണ് കോവിഡ്-19 വാക്സിൻ എടുക്കേണ്ടത്

എൻ.എച്.എസ്. ഓഫർ ചെയ്യുന്ന കോവിഡ്-19 വാക്സിനുകൾ യു.കെ.യിലുള്ള എല്ലാ മുതിർന്നവർക്കും, അവരുടെ കുടിയേറ്റ പദവി പരിഗണിക്കാതെ തന്നെ സൗജ്യമായി ലഭിക്കുന്നതാണ്.

നിങ്ങൾ ഒരു ജനറൽ പ്രാക്ടീഷണറുടെ (ജി.പി.) പക്കൽ റെജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ വാക്സിൻ ലഭിക്കുന്നത് കൂടുതൽ എളുപ്പമാണ്. ഇത് നിങ്ങൾക്കൊരു എൻ.എച്.എസ്. നമ്പറുണ്ടെന്ന് ഉറപ്പുവരുത്തുകയും നിങ്ങൾ അർഹത നേടുമ്പോൾ ഒരു വാക്സിനേഷൻ അപ്പോയിൻമെന്റിനായി ബുക്ക് ചെയ്യാനാവുന്നതുമാണ് (നിങ്ങളുടെ പ്രായം അല്ലെങ്കിൽ ക്ലിനിക്കൽ അവസ്ഥ അടിസ്ഥാനപ്പെടുത്തി) ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുക എന്നതിന്റെ അർത്ഥം നിങ്ങൾക്ക് മറ്റ് ആരോഗ്യ, പരിചരണ സേവനങ്ങളും പ്രാപ്യമാക്കാനാവും എന്നാണ്.

ഒരു ജി.പി. ഒരു കുടുംബ മെഡിക്കൽ ഡോക്ടറാണ്. <u>ഇംഗ്ലണ്ടിലും</u>, <u>സ്കോട്ട്ലന്റിലും</u>, <u>വെയിൽസിലും,</u> എല്ലാവർക്കും ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യാനും, കുടിയേറ്റ പദവി എന്തുതന്നെയായാലും സൗജന്യമായി പ്രാഥമിക പരിചരണ സേവനങ്ങൾ സ്വീകരിക്കാനും ആവുന്നതാണ്.

നിങ്ങൾ നിലവിൽ ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ, നിങ്ങൾ ഇതേവരെയും വാക്സിന് അർഹത നേടിയിട്ടില്ലെങ്കിൽ പോലും, നിങ്ങൾക്ക് ഇപ്പോൾ റെജിസ്റ്റർ ചെയ്യാവുന്നതാണ്. <u>ഇംഗ്ലണ്ടിനും</u>, <u>സ്കോട്ട്ലന്റിനും</u>, <u>വെയിൽസിനുമുള്ള</u> എൻ.എച്.എസ്. വെബ്സൈറ്റ് ഉപയോഗിച്ച് നിങ്ങൾക്ക് നിങ്ങൾ താമസിക്കുന്ന സ്ഥലത്തിനടുത്തുള്ള ഒരു ജി.പി.യെ നിങ്ങൾക്ക് കണ്ടെത്താനാവും, അല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ ലോക്കൽ ജി.പി.യെ ടെലിഫോൺ ചെയ്ത് ഒരു രോഗിയായി റെജിസ്റ്റർ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യാം.

ജി.പി. സർജറികൾക്ക് അവരുടെ ലോക്കൽ ഏര്യയിൽ താമസിക്കുന്ന ആളുകളെ മാത്രമേ റെജിസ്റ്റർ ചെയ്യാനാവൂ. നിങ്ങൾ ജി.പി. സർജറിയുടെ അതിർത്തിക്ക് പുറത്താണ് താമസിക്കുന്നതെങ്കിൽ നിങ്ങൾ താമസിക്കുന്നതിനോട് കൂടുതൽ അടുത്തുള്ള മറ്റൊരു ജി.പി.യെ നിങ്ങൾ കണ്ടെത്തേണ്ടത് ആവശ്യമാണ്.

ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുന്നതിന് നിങ്ങൾ ഒരു ഫോം പൂരിപ്പിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾക്ക് ഓൺലൈനായി റെജിസ്റ്റർ ചെയ്യാനാവുമോ എന്ന് കാണുന്നതിന് നിങ്ങൾക്ക് ജി.പി. സർജറി വെബ്സൈറ്റ് പരിശോധിക്കാവുന്നതാണ്. ഒരു സ്ഥിരം രോഗിയായി റെജിസ്റ്റർ ചെയ്യാൻ (ഒരു താല്ക്കാലിക രോഗിയായിട്ടല്ല) നിങ്ങൾ ആവശ്യപ്പെടേണ്ടതാണ്. ഫോം പൂരിപ്പിക്കുന്നതിന് സഹായം ആവശ്യമാണെങ്കിൽ നിങ്ങൾക്ക് ജി.പി. സർജറിയോട് അത് ആവശ്യപ്പെടാവുന്നതാണ്.

## ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുന്നതിന് എനിക്ക് ഏതെങ്കിലും പ്രമാണങ്ങൾ ആവശ്യമാണോ?

ചില സർജറികൾ റെജിസ്റ്റർ ചെയ്യുന്നതിനായി മേൽവിലാസം തെളിയിക്കുന്ന രേഖ, തിരിച്ചറിയൽ രേഖ അല്ലെങ്കിൽ കുടിയേറ്റ പദവിയുടെ തെളിവ് എന്നിവ പോലെയുള്ള പ്രമാണങ്ങൾ അല്ലെങ്കിൽ ഒരു എൻ.എച്.എസ്. നമ്പർ ആവശ്യപ്പെട്ടേക്കാം, എന്നാൽ നിങ്ങൾക്കവ നല്കാനാവില്ലെങ്കിൽ അവർക്ക് നിങ്ങളെ റെജിസ്റ്റർ ചെയ്യുന്നത് നിരസിക്കാനാവില്ല.

നിങ്ങൾക്ക് ഈ പ്രമാണങ്ങൾ നല്കാനാവില്ലെങ്കിൽ, നിങ്ങൾക്ക് ഈ പ്രമാണങ്ങൾ ഇല്ല എന്നും എന്നാൽ പ്രാക്ടീസ് അതിർത്തിക്കുള്ളിലാണ് നിങ്ങൾ താമസിക്കുന്നതെന്നും ജി.പി.യുടെ പക്കൽ ഒരു രോഗിയായി റെജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നും നിങ്ങൾ പറയേണ്ടതാണ്.

ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുന്ന വേളയിൽ നിങ്ങൾ പ്രശ്നങ്ങൾ നേരിടുകയാണെങ്കിൽ, ചുവടെപറയുന്ന സ്രോതസ്സുകൾക്ക് നിങ്ങളെ സഹായിക്കാനായേക്കും. നിങ്ങൾ ഓൺലൈനിൽ റെജിസ്റ്റർ ചെയ്യുകയും നിങ്ങളോട് പ്രമാണങ്ങൾ ആവശ്യപ്പെടുകയുമാണെങ്കിൽ, നിങ്ങൾക്ക് ഇമെയിൽ മുഖേന ജി.പി. സർജറിക്ക് വിഭവങ്ങൾ അയച്ചുകൊടുക്കാവുന്നതാണ്:

- എൻ.എച്.എസ്. ഇംഗ്ലണ്ട് പ്രമാണങ്ങളില്ലാത്ത ആളുകളെ ഇംഗ്ലണ്ടിൽ ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുന്നതിന് മഞ്ഞ കാർഡുകൾ നിർമ്മിച്ചിട്ടുണ്ട്. റെജിസ്റ്റർ ചെയ്യുന്നതിനായി ജി.പി. റിസപ്ഷന്റെ പക്കലേക്ക് പോകുമ്പോൾ നിങ്ങൾ കാർഡ് കാണിക്കണം. നിങ്ങൾക്ക് ലോക്കൽ ചാരിറ്റികൾ, ഫുഡ്ബാങ്കുകൾ, നിങ്ങളുടെ ലോക്കൽ ഹെൽത്ത്വാച്ച് എന്നിവടങ്ങളിൽ നിന്ന് അല്ലെങ്കിൽ ഡോക്ടേഴ്സ് ഓഫ് ദ വേൾഡിൽ നിന്ന് ഒരു മഞ്ഞ കാർഡ് ലഭിക്കുന്നതാണ്.
- സ്കോട്ടിഷ് സർക്കാർ സ്കോട്ട്ലന്റിലുള്ള ജി.പി.മാർക്കായി ഈ മാർഗ്ഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്: "ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുന്നതിന് പ്രമാണങ്ങൾ ഒന്നും ആവശ്യമില്ല. തിരിച്ചറിയൽ രേഖയോ മേൽവിലാസം തെളിയിക്കുന്ന രേഖയോ സമർപ്പിക്കാൻ ഒരു രോഗിക്ക് കഴിയാത്തത് ആ രോഗിയുടെ റെജിസ്ട്രേഷൻ നിരസിക്കുന്നതിന് അല്ലെങ്കിൽ വൈകിപ്പിക്കുന്നതിനുള്ള മതിയായ കാരണങ്ങളായി പരിഗണിക്കുന്നില്ല."
- ഇംഗ്ലണ്ടിലെയും, സ്കോട്ട്ലന്റിലെയും വെയിൽസിലെയും നോർതേൺ അയർലണ്ടിലെയും ഡോക്ടർമാർക്കായി പുറത്തിറക്കിയ ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷൻ മാർഗ്ഗനിർദേശം ഇങ്ങനെ പ്രസ്താവിക്കുന്നു: "ഒരു രോഗിക്ക് തിരിച്ചറിയൽ പ്രമാണങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, അത് അവരെ റെജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നതിനുള്ള മതിയായ കാരണമാകുന്നതല്ല."

ഒരു ജി.പി. പ്രാക്ടീസ് നിങ്ങളെ റെജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നു എങ്കിൽ, ഇംഗ്ലണ്ടിലെ രോഗികൾക്ക് 0300 311 2233 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. സ്കോട്ട്ലന്റിലും വെയിൽസിലുമുള്ള രോഗികൾക്ക് നിങ്ങളുടെ പ്രാദേശിക ഹെൽത്ത് ബോർഡിനെ ബന്ധപ്പെടാവുന്നതാണ്. ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുന്നതിൽ സഹായിക്കുന്നതിനായി രോഗികൾക്ക് 0808 1647 686 എന്ന നമ്പറിൽ (സൗജന്യ ഫോൺ നമ്പർ) ഡോക്ടേഴ്സ് ഓഫ് ദ വേൾഡുമായും ബന്ധപ്പെടാവുന്നതാണ്.

## നിങ്ങൾക്ക് ഭവനരഹിതനാണെങ്കിൽ

നിങ്ങൾക്ക് ഒരു സ്ഥിരം മേൽവിലാസമില്ലെങ്കിൽ നിങ്ങൾ ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യാവുന്നതാണ്. നിങ്ങൾക്ക് ഒരു സ്ഥിരം മേൽവിലാസമില്ലെന്നും എന്നാൽ നിങ്ങൾ ലോക്കൽ ഏര്യയിലാണ് താമസിക്കുന്നതെന്നും ഒരു രോഗിയായി റെജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നു എന്നും ജി.പി. പ്രാക്ടീസിനോട് നിങ്ങൾ വിശദീകരിക്കണം. നിങ്ങൾക്ക് ഒരു

സുഹൃത്തിന്റെയോ അല്ലെങ്കിൽ ഒരു ഡേ സെന്ററിന്റെയോ ആയേക്കാവുന്ന ഒരു താല്ക്കാലിക മേൽവിലാസം ഉപയോഗിക്കാവുന്നതാണ്, അല്ലെങ്കിൽ പ്രാക്ടീസിന് ഒരു മേൽവിലാസം ഇല്ലാതെ തന്നെ നിങ്ങളെ റെജിസ്റ്റർ ചെയ്യാവുന്നതാണ്.

ജി.പി.യ്ക്ക് നിങ്ങളെ ബന്ധപ്പെടേണ്ട ആവശ്യമുണ്ടാവുകയാണെങ്കിൽ (ഉദാഹരണത്തിന്, പരിശോധനാ ഫലങ്ങളുമായി) അവർക്ക് അതിനുള്ള മാർഗ്ഗമുണ്ടായിരിക്കുന്നതാണെന്ന് നിങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

## നിങ്ങൾ അഭയം തേടുന്നവർക്കായുള്ള ഒരു താമസസ്ഥലത്താണ് താമസിക്കുന്നതെങ്കിൽ

നിങ്ങൾ ഒരു ഹോം ഓഫീസ് അക്കോമൊഡേഷൻ അല്ലെങ്കിൽ ഒരു ഹോട്ടൽ പോലെയുള്ള കണ്ടിൻജൻസി അക്കോമൊഡേഷനിൽ താമസിക്കുന്ന അഭയം തേടുന്നതായ ഒരു വ്യക്തി ആണെങ്കിൽ, നിങ്ങൾ ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുമ്പോൾ നിങ്ങൾ ഈ അക്കോമൊഡേഷന്റെ മേൽവിലാസം ഉപയോഗിക്കുകയും ഹോം ഓഫീസ് പ്രദാനം ചെയ്തിരിക്കുന്ന അസൈലം അക്കോമൊഡേഷനിൽ ആയിരിക്കുന്നതിനാൽ നിങ്ങൾ മേൽവിലാസം തെളിയിക്കുന്ന പ്രമാണങ്ങളൊന്നുമില്ല എന്ന് പറയുകയും ചെയ്യണം. ഒരു ജി.പി. നിങ്ങളെ റെജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നു എങ്കിൽ, നിങ്ങൾ നിങ്ങളുടെ അക്കോമൊഡേഷൻ പ്രൊവൈഡറോട് അല്ലെങ്കിൽ 0808 8010 503 എന്ന നമ്പറിൽ (സൗജന്യ ഫോൺ നമ്പർ) മൈഗ്രന്റ് ഹെൽപുമായി സംസാരിക്കേണ്ടതാണ്.

ഹോം ഓഫീസ് നിങ്ങളെ ഒരു പുതിയ താമസസ്ഥലത്തേക്ക് മാറ്റുന്നതായി നിങ്ങൾ കണ്ടെത്തുകയാണെങ്കിൽ, നിങ്ങൾ താമസസ്ഥലം മാറുന്നത് വരെ കോവിഡ്-19 വാക്സിൻ എടുക്കുന്നത് നിങ്ങൾ വൈകിക്കാൻ പാടില്ല. നിങ്ങൾക്ക് നിങ്ങളുടെ പുതിയ താസമസ്ഥലത്തിന് സമീപത്തുള്ള ഒരു വാക്സിനേഷൻ സെന്ററിൽ നിന്ന് നിങ്ങളുടെ വാക്സിന്റെ രണ്ടാമത്തെ ഡോസ് സ്വീകരിക്കാനാവും.

നിങ്ങളുടെ ആദ്യ വാസ്കിനേഷൻ അപ്പോയിൻമെന്റിന്റെ സമയത്ത് നിങ്ങൾക്ക് നല്കിയ ചെറിയ കാർഡ് നിങ്ങൾ സൂക്ഷിക്കേണ്ടതും, നിങ്ങൾക്ക് ശരിയായ വാക്സിനാണ് ലഭിക്കുന്നതെന്ന് വാക്സിനേഷൻ സെന്ററിന് ഉറപ്പാക്കാനാവുന്നതിനായി അത് നിങ്ങളുടെ രണ്ടാമത്തെ അപ്പോയിൻമെന്റിലേക്ക് കൊണ്ടുപോകേണ്ടതുമാണ്.

## ഒരു വാക്സിനേഷൻ അപ്പോയിൻമെന്റ് ബുക്ക് ചെയ്യുന്നത്

### ഇംഗ്ലണ്ട്

ചുവടെപറയുന്ന ഏതെങ്കിലും ബാധകമാണെങ്കിൽ നിങ്ങൾക്ക് വാക്സിനേഷൻ അപ്പോയിൻമെന്റുകൾ ബുക്ക് ചെയ്യാവുന്നതാണ്:

- നിങ്ങൾക്ക് 55 വയസ്സിനു മുകളിൽ പ്രായമായി
- നിങ്ങൾ കൊറോണാവൈറസിൽ നിന്നുള്ള ഒരു ഉയർന്ന അപകടസാദ്ധ്യതയിലാണ് (ദീർഘകാല അരോഗ്യ അവസ്ഥകളോടെയുള്ളവർ)

- നിങ്ങൾ നിലവിലുള്ള മെഡിക്കൽ പ്രശ്നങ്ങൾ (സി.ഒ.പി.ഡി., ആസ്ത്മ, ഹൃദയ പ്രശ്നങ്ങൾ, വൃക്ക രോഗം, കരൾ രോഗം, പ്രമേഹം, കൂടാതെ മറ്റ് ദീർഘകാല ആരോഗ്യ പ്രശ്നങ്ങളും പോലെയുള്ളത്) മൂലം കൊറോണാവൈറസിൽ നിന്നുള്ള സങ്കീർണ്ണതകളുടെ ഉയർന്ന അപകടസാദ്ധ്യതയിലാണ്
- നിങ്ങൾ അർഹതയുള്ള ഒരു മുൻനിര ആരോഗ്യ പ്രവർത്തകനാ(യാ)ണ്
- നിങ്ങൾ അർഹതയുള്ള ഒരു മുൻനിര സാമൂഹ്യ പരിചരണ പ്രവർത്തകനാ(യാ)ണ്
- നിങ്ങൾക്ക് പഠന വൈകല്യമുണ്ട്
- നിങ്ങൾക്ക് കെയറേഴ്സ് അലവൻസിന് അർഹതയുണ്ട്

നിങ്ങൾക്ക് ഒരു വലിയ വാക്സിനേഷൻ കേന്ദ്രത്തിൽ അല്ലെങ്കിൽ കോവിഡ്-19 വാക്സിനേഷനുകൾ പ്രദാനം ചെയ്യുന്ന ഒരു ഫാർമസിയിൽ അപ്പോയിൻമെന്റുകൾ ബുക്ക് ചെയ്യാനാവും. നിങ്ങൾ എൻ.എച്.എസ്. നിങ്ങളെ ബന്ധപ്പെടുന്നതിന് കാത്തു നിൽക്കേണ്ട ആവശ്യമില്ല.

നിങ്ങൾക്ക് നിങ്ങളുടെ കോവിഡ്-19 വാക്സിനേഷൻ അപ്പോയിൻമെന്റ് ഓൺലൈനായി ബുക്ക് ചെയ്യാവുന്നതാണ്.

### സ്കോട്ട്ലന്റ്

നിങ്ങൾക്ക് നിങ്ങളുടെ അപ്പോയിൻമെന്റ് വിശദാംശങ്ങളോടു കൂടെയുള്ള ഒരു ക്ഷണക്കത്ത് അല്ലെങ്കിൽ ഫോൺ കോൾ ലഭിക്കുന്നതാണ്. നിങ്ങൾ അപ്പോയിൻമെന്റിന് ഹാജരാകാൻ പോകുകയാണെങ്കിൽ, നിങ്ങൾ അപ്പോയിൻമെന്റിന് പോകുകയാണെന്ന് സ്ഥിരീകരിക്കുന്നതിനായി നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല. നിങ്ങൾക്ക് നിങ്ങളുടെ അപ്പോയിൻമെന്റിന് ഹാജരാകാൻ സാധിക്കില്ലെങ്കിൽ, നിങ്ങളുടെ അപ്പോയിൻമെന്റ് മറ്റാർക്കെങ്കിലും കൊടുക്കാൻ സാധിക്കുന്നതിനായി നിങ്ങൾക്ക് നിങ്ങളുടെ അപ്പോയിൻമെന്റ് റീഷെഡ്യൂൾ ചെയ്യാം അല്ലെങ്കിൽ റദ്ദാക്കാം

### വെയിൽസ്

വാക്സിൻ ലഭിക്കുന്നതിനുള്ള നിങ്ങളുടെ ഊഴം എത്തുമ്പോൾ എൻ.എച്.എസ്. നിങ്ങളെ ബന്ധപ്പെടുന്നതാണ്. നിങ്ങളെ ഒന്നുകിൽ ടെലിഫോണിലൂടെ അല്ലെങ്കിൽ കത്തിലൂടെ ബന്ധപ്പെട്ടേക്കാവുന്നതാണ്.

## ഞാൻ വാക്സിൻ സ്വീകരിക്കുകയാണെങ്കിൽ എന്നെ ഹോം ഓഫീസിന് റിപ്പോർട്ട് ചെയ്യുമോ?

കുടിയേറ്റ പദവി പരിഗണിക്കാതെ തന്നെ എല്ലാവർക്കും സൗജന്യമായ ഒരു എൻ.എച്.എസ്. സേവനം നിങ്ങൾ പ്രാപ്യമാക്കുമ്പോൾ നിങ്ങളുടെ വിവരങ്ങൾ ഹോം ഓഫീസ് ഇമിഗ്രേഷൻ ഡിപാർട്ട്മെന്റുമായി പങ്കുവയ്ക്കുന്നതല്ല. ഇതിൽ ജി.പി. സേവനങ്ങൾ, കോവിഡ്-19 പരിശോധന, ചികിത്സ, വാക്സിനേഷൻ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ്.

ഒരു ജി.പി.യുടെ പക്കൽ റെജിസ്റ്റർ ചെയ്യുമ്പോൾ അല്ലെങ്കിൽ ഒരു കോവിഡ്-19 വാക്സിനേഷനായി ബുക്ക് ചെയ്യുമ്പോൾ നിങ്ങളുടെ കുടിയേറ്റ പദവി തെളിയിക്കാൻ നിങ്ങളോട് ആവശ്യപ്പെടാനാവില്ല.

കൊറോണാവൈറസിനുള്ള പരിശോധന, ചികിത്സ അല്ലെങ്കിൽ വാക്സിനേഷനുമായി ബന്ധമില്ലാത്ത ചില എൻ.എച്.എസ് ആശുപത്രികളും കമ്മ്യൂണിറ്റി സർവീസുകളും സ്ഥിരമായ കുടിയേറ്റ പദവിയില്ലാത്ത ആളുകൾക്ക് സൗജന്യമല്ല. പേര്, മേൽവിലാസം, ജനനത്തീയതി എന്നിങ്ങനെയുള്ള നിങ്ങള കുറിച്ചുള്ള വിവരങ്ങൾ ഈ സേവനങ്ങൾ ഹോം ഓഫീസ് ഇമിഗ്രേഷൻ ഡിപാർട്ട്മെന്റുമായി പങ്കുവച്ചേക്കാം. ഇത് നിങ്ങളുടെ നിലവിലുള്ള കുടിയേറ്റ പദവി അല്ലെങ്കിൽ പണമടച്ചിട്ടില്ലാത്ത അരോഗ്യപരിചരണ ചാർജുകൾ റിപ്പോർട്ട് ചെയ്യുന്നതിനാണ്. നിങ്ങുടെ ആരോഗ്യത്തെ കുറിച്ചുള്ള വിവരങ്ങൾ പങ്കുവയ്ക്കുന്നതല്ല.

വ്യക്തികൾക്ക് അല്ലെങ്കിൽ പൊതുജനത്തിന് സുരക്ഷാ ആശങ്കകളുള്ള സാഹചര്യങ്ങളിൽ, രോഗിയുടെ വിവരങ്ങൾ പൊലീസ്, കോടതികൾ, സർക്കാർ വകുപ്പുകൾ എന്നിവയുമായി പങ്കുവയ്ക്കാൻ എൻ.എച്.എസ്. സേവനങ്ങളോട് ആവശ്യപ്പെട്ടേക്കാം.

## കോവിഡ്-19 വാക്സിനുകൾ എത്രമാത്രം സുരക്ഷിതാണ്?

യു.കെ.യിൽ ഉപയോഗത്തിനായി അംഗീകരിക്കപ്പെട്ടിട്ടുള്ള വാക്സിനുകൾ സ്വതന്ത്ര മെഡിസിൻസ് ആന്റ് ഹെൽത്ത്കെയർ പ്രോഡക്സ് റെഗുലേറ്ററി അതോറിറ്റി (എം.എച്.ആർ.എ.) നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ, ഗുണനിലവാര, ഫലദായകശേഷി എന്നിവയുടെ കർശനമായ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ട്.

അംഗീകരിക്കപ്പെട്ടിട്ടുള്ള ഏത് കൊറോണാവൈറസ് വാക്സിനും, മറ്റെല്ലാ ലൈസൻസ്ഡ് മരുന്നുകളും കടന്നുപോകേണ്ടതായ എല്ലാ ക്ലിനിക്കൽ പരീക്ഷണപഠനങ്ങളിലൂടെയും സുരക്ഷാ പരിശോധനകളിലൂടെയും കടന്നുപോകേണ്ടതാണ്. എം.എച്.ആർ.എ. അന്താരാഷ്ട്ര സുരക്ഷാ നിലവാരങ്ങൾ പാലിക്കുന്നതാണ്.

എല്ലാ വാക്സിനുകളും ലോകത്തെമ്പാടുമായി 15,000 മുതൽ 50,000 വരെ ആളുകളിൽ പരിശോധിക്കപ്പെട്ടിട്ടുണ്ട്. അവ പുരുഷന്മാരിലും സ്ത്രീകളിലും, വ്യത്യസ്ത വംശീയ പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകളിലും, 18നും 84നും ഇടയിലുള്ള എല്ലാ പ്രായത്തിലുള്ളവരിലും പരിശോധിച്ചിട്ടുണ്ട്. അണുബാധ അല്ലെങ്കിൽ വൈറസിനെ മറ്റുള്ളവരിലേക്ക് പടർത്തുന്നത് തടയുന്നതിൽ അവ എത്രത്തോളം ഫലപ്രദമാണ് എന്ന് കാണുന്നതിനായും കുട്ടികൾക്കായി അവയുടെ ഉപയോഗം വിപുലപ്പെടുത്തുന്നതിനുമായി വാക്സിൻ റോൾ ഔട്ടിന്റെ വേളയിൽ പോലും പഠനങ്ങൾ തുടരുന്നതാണ്.

ഇതേവരെ ദശലക്ഷക്കണക്കി ആളുകൾക്ക് കോവിഡ്-19 വാക്സിൻ നല്കിക്കഴിഞ്ഞിരിക്കുന്നു, അലർജിക് പ്രതിപ്രവർത്തനം പോലെയുള്ള ഗുരുതരമായ പാർശ്വഫലങ്ങളെ കുറിച്ചുള്ള റിപ്പോർട്ടുകൾ വളരെ അപൂർവ്വമായിരുന്നു. ദീർഘകാല സങ്കീർണ്ണതകൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

യു.കെ.യിൽ അംഗീകരിക്കപ്പെട്ട വാക്സിനുകളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന്, കാണുക:

- GOV.UK: കോവിഡ്-19നായി എം.എച്ച്.ആർ.എ. അംഗീകരിച്ച ഫൈസർ/ബയോഎൻടെക് വാക്സിൻ (ഇംഗ്ലീഷ് മാത്രം)
- GOV.UK: കോവിഡ്-19നായി എം.എച്ച്.ആർ.എ. അംഗീകരിച്ച ഓക്സഫോർഡ്/ആസ്ട്രസെനേക വാക്സിൻ (ഇംഗ്ലീഷ് മാത്രം)
- GOV.UK: കോവിഡ്-19നായി എം.എച്ച്.ആർ.എ. അംഗീകരിച്ച മോഡേർണാ വാക്സിൻ (ഇംഗ്ലീഷ് മാത്രം)

## കോവിഡ്-19 വാക്സിൻ എത്രത്തോളം ഫലപ്രദാമാണ്?

ഏത് കൊറോണാവൈറസ് വാക്സിനുകളുടെയും ആദ്യ ഡോസ് നിങ്ങൾക്ക് കൊറോണാവൈറസിൽ നിന്ന് നല്ല സംരക്ഷണം നല്കുന്നതാണ്. എന്നാൽ ദീർഘകാലം നീണ്ടുനിൽക്കുന്ന സംരക്ഷണം നിങ്ങൾക്ക് ലഭിക്കുന്നതിന് നിങ്ങൾ വാക്സിന്റെ രണ്ടു ഡോസുകളും എടുക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ വാക്സിൻ എടുത്താലും നിങ്ങൾക്ക് കൊറോണാവൈറസ് ബാധിക്കുകയോ, നിങ്ങൾ അത് പടർത്തുകയോ ചെയ്യുന്നതിനുള്ള ഒരു സാദ്ധ്യതയുണ്ടായേക്കാവുന്നതാണ്. ഇതിനർത്ഥം ഇക്കാര്യങ്ങൾ പ്രധാനപ്പെട്ടതാണ് എന്നാണ്:

- സാമൂഹ്യ അകലം പാലിക്കൽ മാർഗ്ഗനിർദേശങ്ങൾ പാലിക്കുന്നത് തുടരുക
- മറ്റാളുകളിൽ നിന്ന് അകന്നു നില്ക്കുന്നത് പ്രയാസമായിരിക്കുന്ന സ്ഥലങ്ങളിൽ നിങ്ങളുടെ മൂക്കും വായും മൂടുന്നതായ എന്തെങ്കിലും, നിങ്ങൾക്കാവുമെങ്കിൽ, ധരിക്കുക

## കോവിഡ്-19 വാക്സിൻ പാർശ്വഫലങ്ങൾ

കോവിഡ്-19 വാക്സിന്റെ മിക്ക പാർശ്വഫലങ്ങളും ചുവടെ പറയുന്നവ പോലെ ലഘുവും 2-3 ദിവസങ്ങളിൽ കൂടുതൽ നീണ്ടുനിൽക്കാത്തവയുമാണ്:

- സൂചി ഉള്ളിലേക്ക് കയറിയ സ്ഥലത്ത് വേദന
- ക്ഷീണം തോന്നുക
- തലവേദന
- കഴപ്പ് തോന്നുക
- ഓക്കാനം അല്ലെങ്കിൽ ഛർദ്ദി
- ശരീരോഷ്മാവ് കൂടുക അല്ലെങ്കിൽ പനി

നിങ്ങൾക്ക് ആവശ്യമാണെങ്കിൽ പാരസെറ്റമോൾ പോലെയുള്ള വേദനസംഹാരികൾ നിങ്ങൾക്കെടുക്കാവുന്നതാണ്.

48 മണിക്കൂറിൽ കൂടുതൽ നീണ്ടുനിൽക്കുന്ന ഉയർന്ന താപനില നിങ്ങൾക്കുണ്ടാവുകയാണെങ്കിൽ നിങ്ങൾക്ക് കൊറോണാ വൈറസ് അല്ലെങ്കിൽ മറ്റൊരു അണുബാധയുണ്ടായേക്കാം. ചുമ, ഗന്ധമോ സ്വാദോ നഷ്ടപ്പെടുക എന്നിവ വാക്സിന്റെ പാർശ്വഫലമല്ല, ആയതിനാൽ നിങ്ങൾക്ക് ഈ രോഗലക്ഷണങ്ങൾ ഉണ്ടാവുകയാണെങ്കിൽ നിങ്ങൾ ഓൺലൈനിൽ പോയി കൊറോണാവൈറസിനുള്ള ഒരു പരിശോധന ക്രമീകരിക്കേണ്ടതാണ്.

നിങ്ങളുടെ രോഗലക്ഷണങ്ങൾ വഷളാവുകയാണെങ്കിൽ, 48 മണിക്കൂറിൽ കൂടുതൽ നീണ്ടുനിൽക്കുകയാണെങ്കിൽ, അല്ലെങ്കിൽ നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, രാവിലെ 8 മണിക്കും വൈകുന്നേരം 6.30നും ഇടയിൽ നിങ്ങളുടെ ജി.പി.യെ അല്ലെങ്കിൽ മറ്റു സമയങ്ങളിൽ 111 എന്ന നമ്പറിലേക്ക് (ഇത് വിളിക്കുന്നതിനുള്ള ഒരു സൗജന്യ നമ്പറാണ്) വിളിക്കുക. എല്ലാ ചോദ്യങ്ങൾക്കും **"yes"**എന്ന് ആവർത്തിച്ച് ഉത്തരം നല്കി നിങ്ങൾക്ക് നിങ്ങളുടെ ഭാഷയിൽ ഒരു ദ്വിഭാഷിയെ നേടാവുന്നതാണ്.

## അലർജിക് പ്രതിപ്രവർത്തനങ്ങൾ

നിങ്ങൾക്ക് എപ്പോഴെങ്കിലും ഗുരുതരമായ ഒരു അലർജിക് പ്രതിപ്രവർത്തനം ഉണ്ടായിട്ടുണ്ടെങ്കിൽ നിങ്ങൾ വാക്സിൻ എടുക്കുന്നതിന് മുമ്പായി ആരോഗ്യപരിചരണ സ്റ്റാഫിനോടു പറയുക. ചുവടെ പറയുന്നവയോട് നിങ്ങൾക്ക് എപ്പോഴെങ്കിലും ഗുരുതരമായ ഒരു അലർജിക് പ്രതിപ്രവർത്തനം (അനാഫിലാക്സിസ് ഉൾപ്പെടെയുള്ളത്) ഉണ്ടായിട്ടുണ്ടെങ്കിൽ നിങ്ങൾ കോവിഡ്-19 വാക്സിൻ എടുക്കാൻ പാടില്ല.

- ഇതേ വാക്സിന്റെ ഒരു മുൻ ഡോഡ്
- വാക്സിനിലെ ഏതെങ്കിലും ചേരുവ

ഗുരുതരമായ അലർജിക് പ്രതിപ്രവർത്തനങ്ങൾ അപൂർവ്വമാണ്. നിങ്ങൾക്ക് വാക്സിനോട് ഒരു പ്രതിപ്രവർത്തനം ഉണ്ടെങ്കിൽ, സാധാരണഗതിയിൽ അത് മിനിട്ടുകൾക്കുള്ളിൽ സംഭവിക്കും. വാക്സിനേഷൻ കേന്ദ്രങ്ങളിലെ സ്റ്റാഫും വോളന്റീയർമാരും അലർജിക് പ്രതിപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉടനടി തന്നെ അവ ചികിത്സിക്കുന്നതിനും പരിശീലനം ലഭിച്ചവരാണ്.

കൊറോണാവൈറസ് യെല്ലോ കാർഡ് സേഫ്ട് സ്കീം ഉപയോഗിച്ച് നിങ്ങൾക്ക് സംശയകരമായ ഏത് പാർശ്വ ഫലവും റിപ്പോർട്ട് ചെയ്യാനാവും.

## കോവിഡ്-19 വാക്സിൻ ചേരുവകൾ

അംഗീകരിക്കപ്പെട്ട കോവിഡ്-19 വാക്സിനുകളിൽ ഏതെങ്കിലും മൃഗ ഉല്പന്നങ്ങളോ മുട്ടയോ അടങ്ങിയിട്ടില്ല.

ബ്രിട്ടീഷ് ഇസ്ലാമിക് മെഡിക്കൽ കൗൺസിൽ വാക്സിൻ എടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. COVID-19 വാക്സിൻ

ഉപയോഗിക്കുന്നത് ധാർമ്മികമായി അംഗീകരിക്കാവുന്നതാണെന്ന് കത്തോലിക്ക സഭ പറഞ്ഞിട്ടുണ്ട്.

## കൂടുതൽ വിവരങ്ങൾ

ഡോക്ടേഴ്സ് ഓഫ് ദ വേൾഡ് (Doctors of the World): ക്ലിനിക്ക് കൂടാതെ പരിഭാഷപ്പെടുത്തിയ കോവിഡ്-19 വിവരങ്ങൾ

ബ്രിട്ടീഷ് റെഡ് ക്രോസ്സ്: കോവിഡ്-19 വാക്സിനുകൾ: നിങ്ങൾ അറിയേണ്ടതെല്ലാം

എൻ.എച്.എസ്. ഇംഗ്ലണ്ട്: കൊറോണാവൈറസ് (കോവിഡ്-19) വാക്സിൻ

എൻ.എച്.എസ്. ഇൻഫോം: കൊറോണാവൈറസ് (കോവിഡ്-19) വാക്സിൻ

പബ്ലിക് ഹെൽത്ത് വെയിൽസ്: കോവിഡ്-19 വാക്സിൻ ഇൻഫർമേഷൻ